**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 431** **24-08-2022 - ൽ മറുപടിയ്ക്ക്**

**റിസർവ് ബാങ്ക് വായ്പ പലിശ നിരക്ക് വർദ്ധിപ്പിച്ചത് മൂലമുള്ള അധിക ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക് വായ്പ നിരക്കിൽ അടിക്കടി വർദ്ധനവ് വരുത്തുന്നത് മൂലം സംസ്ഥാനത്തെ പദ്ധതി നിർവഹണത്തിലും ജനങ്ങളുടെ ജീവിത നിലവാരത്തിലുമുണ്ടാകുന്ന ദുരിതപൂർണമായ മാറ്റങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ പണപ്പെരുപ്പം, ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വില വർദ്ധനവ് എന്നിവ നിയന്ത്രിക്കുവാനാണ് റിസർവ്വ് ബാങ്ക് വായ്പ നിരക്കിൽ അടിക്കടി മാറ്റം വരുത്തുന്നത്. |
| (ബി) | ഈ വർഷം മൂന്ന് പ്രാവശ്യം പലിശ നിരക്കിൽ വർദ്ധനവ് വരുത്തിയത് മൂലം ഉൽപ്പന്നങ്ങളുടെ വിലയിലും, കാർഷിക വ്യവസായിക വാണിജ്യ ഗാർഹിക ആവശ്യങ്ങൾക്കായി വ്യക്തികൾ എടുത്ത വായ്പയിലും ഏതെല്ലാം തരത്തിൽ പ്രതികൂല മാറ്റങ്ങൾ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരിയും ലോക്ഡൗണും സാമ്പത്തിക വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതത്തെ നേരിടാൻ റിസർവ് ബാങ്കും ഗവൺമെന്റും വായ്പ നിരക്കിൽ കുറവ് വരുത്തുകയും സമ്പത്ത് വ്യവസ്ഥയിൽ കൂടുതൽ പണം നിക്ഷേപിക്കുകയും തുടങ്ങിയ നിരവധി നടപടികൾ സ്വീകരിക്കുകയുണ്ടായി. തത്ഫലമായി സമ്പത്ത് വ്യവസ്ഥയിൽ ഉണ്ടായ പണപ്പെരുപ്പം, ഉത്പ്പന്നങ്ങളുടെ വിലക്കയറ്റം എന്നിവ നിയന്ത്രിക്കാനും മഹാമാരിക്ക് ശേഷം സമ്പത്ത് വ്യവസ്ഥ പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിന്റെയും ഭാഗമായാണ് പലിശനിരക്കിൽ വർദ്ധനവ് വരുത്തിയിരിക്കുന്നത്. കോവിഡ് മഹാമാരിക്ക് മുന്നേ നിലനിന്നിരുന്ന റിസർവ്വ് ബാങ്ക് നിരക്കുകൾക്ക് അടുത്തുള്ള നിരക്കുകൾ തന്നെയാണ് ഇപ്പോൾ നിലവിൽ ഉള്ളത്. |
| (സി) | സാധാരണ ജനങ്ങൾക്ക് ഇത് മൂലം ഉണ്ടാകുന്ന അധിക ബാധ്യതയിൽ നിന്നും അവരെ സഹായിക്കുവാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ ഭാഗമായി ഉല്പന്നങ്ങളുടെ വിതരണ പ്രക്രിയയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പണപ്പെരുപ്പം കുത്തനെ ഉയരുന്നതിന് കാരണമാകുന്നുണ്ടെന്നും 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് പാദങ്ങളിൽ ഇന്ത്യയിൽ പണപ്പെരുപ്പം അതിന്റെ ഉയർന്ന നിലയായ 6 ശതമാനത്തിന് മുകളിലായിരിക്കുമെന്നും റിസർവ് ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>വളർച്ചാ ആവശ്യങ്ങൾക്ക് കോട്ടം വരുത്താതെ തന്നെ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നയങ്ങൾക്ക് റിസർവ് ബാങ്ക് ഇതിനകം തന്നെ മുൻഗണന നൽകിയിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ പണപ്രവാഹം ഉണ്ടാകുന്നത് നിയന്ത്രിക്കാനായി റിസർവ് ബാങ്ക് റിപ്പോ, റിവേഴ്സ് റിപ്പോ, ക്യാഷ് റിസർവ്വ് റേഷ്യോ, എസ്.എൽ.ആർ തുടങ്ങിയവയുമായി ബന്ധപ്പെട്ട ചില നടപടികൾ കൈക്കൊള്ളാറുണ്ട്. റിസർവ്വ് ബാങ്ക് കൈക്കൊള്ളുന്ന ഇത്തരം നടപടികൾ വിവിധതരം വായ്പകളെടുത്തിട്ടുള്ളവരെയും ബാധിക്കും. |

സെക്ഷൻ ഓഫീസർ